## പതിമൂന്നാം കേരള നിയമസഭ
### ഒന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2272 15.7.2011 ൽ മറുപടിക്ക്

### ഹിൽ ഹൈവേ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.വി.ശ്രേയാംസ്കുമാർ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ഹിൽ ഹൈവേ പ്രാവർത്തികമാക്കാനുള്ള നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) കാസർഗോഡ് (നന്ദാരപ്പടവ്) മുതൽ തിരുവനന്തപുരം (പാറശ്ശാല) വരെയുള്ള മലയോരപാതയുടെ പുതുക്കിയ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്. നിലവിലുള്ള പാതകൾ വികസിപ്പിച്ച് സംസ്ഥാന പാതയുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അതുവഴി പരമാവധി ഭൂമി ഏറ്റെടുക്കുന്നത് ഒഴിവാക്കുന്ന വിധത്തിലുമാണ് മലയോര പാതയുടെ അലൈൻമെന്റ് അംഗീകരിച്ചിട്ടുള്ളത്. മലയോരപാതയുടെ കാസർഗോഡ് റോഡ്സ് ഡിവിഷന്റെ കീഴിലെ 109.435 കി. മീ. റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 4965 ലക്ഷം രൂപ അടങ്കൽ തുക വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.<br>കണ്ണൂർ റോഡ്സ് ഡിവിഷനിലെ മലയോരപാതയുടെ ഭാഗമായിട്ടുള്ള 109.530 കി. മീ. റോഡിൽ പുറഞ്ഞാൺ മുതൽ 'ചമതച്ചാൽ' വരെ യുള്ള 14.650 |

കി.മീ റോഡിന്റെ പരിഷ്ക്കരണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. സ്റ്റിമുലസ് പാക്കേജിൽപ്പെടുത്തി ചമതച്ചാൽ മുതൽ ഉളിക്കൽ വരെ 8 കി.മീ റോഡിന്റെ പരിഷ്ക്കരണ പ്രവൃത്തികൾക്കായി 300 ലക്ഷം രൂപയുടെയും കുമൻതോട് മുതൽ അമ്പയത്തോട് വരെ 39.50 കി. മീ. റോഡിന്റെ പരിഷ്ക്കരണത്തിനായി 2010 ലക്ഷം രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. കുമൻതോട് മുതൽ വള്ളിത്തോട് വരെയുള്ള 4.450 കി.മീ. റോഡിന്റെ പരിഷ്ക്കരണത്തിനാവശ്യമായ സ്ഥലം പഞ്ചായത്ത് അധികൃതർ സൗജന്യമായി ലഭ്യമാക്കാമെന്ന് സമ്മതിച്ചതനുസരിച്ച് പരിഷ്ക്കരണ പ്രവൃത്തിക്ക് 400 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റും മണത്തണാട്ടുവയൽ മുതൽ അമ്പയത്തോട്ടുവരെ യുള്ള 16.720 കി.മീ നിലവിലുള്ള വീതിയിൽ ബി.എം.&ബി.സി ചെയ്ത് പുനരുദ്ധരിക്കുന്നതിന് 815 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കി സാങ്കേതികാനുമതിക്കുള്ള പരിശോധനകൾ നടത്തിവരുകയാണ്.

വയനാട് ജില്ലയിൽ വയനാട് റോഡ്സ് ഡിവിഷനു കീഴിൽ 9.85 കോടി രൂപ ചിലവിൽ താഴെപ്പറയുന്ന 4 പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

1. മാനന്തവാടി – കൽപ്പറ്റ റോഡിൽ 0/00 മുതൽ 14/000 വരെ – 5 കോടി
2. മാനന്തവാടി – കൽപ്പറ്റ റോഡിൽ കി.മീ. 14/000 മുതൽ 19/500 വരെ (BM & BC) - 3 കോടി
3. മാനന്തവാടി – കൽപ്പറ്റ റോഡിൽ കി.മീ. 19/500 മുതൽ 24/670 വരെ (BM & BC) - 1.55 കോടി
4. കൽപ്പറ്റ – മേപ്പാടി റോഡിൽ കി.മീ. 4/000 മുതൽ 6/000 വരെ – 0.30 കോടി

കോഴിക്കോട് റോഡ്സ് ഡിവിഷനു കളുലെ ഹിൽഹൈവേയുടെ ഭാഗമായുള്ള തലയാട് മുതൽ കക്കാടംപൊയിൽ വരെയുള്ള ഭാഗത്ത് വിശദമായ പ്രിലിമിനറി സർവ്വേ നടത്തുകയും അതനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ എസ്റ്റി-മേറ്റും മറ്റ് രേഖകളും തയ്യാറാക്കി വരികയുമാണ്.

മലപ്പുറം ജില്ലയിലെ ഹിൽഹൈവേയുടെ ഭാഗമായുള്ള റോഡുഭാഗത്തെ പരിഷ്ക്കരണ പ്രവൃത്തികൾക്ക് 23.20 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.
മൂവാറ്റുപുഴ റോഡ്സ് ഡിവിഷനു കളിലെ ചെട്ടിനട – പാണക്കുഴി – പയ്യാൽ – കോട്ടപ്പടി – ചേലാട് –

ഊഞ്ഞാംപ്പാറ - നാടുകാണി - നേര്യമംഗലം 6-ാം മൈൽ എളമ്പാശ്ശേരി റോഡ് ഭാഗത്തിന്റെ പ്രവൃത്തികൾക്കായി 1685 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ബാക്കി ഭാഗങ്ങളിലെ ഹിൽ ഹൈവേയുടെ ഭാഗമായ റോഡുകൾ സംബന്ധിച്ച പ്രാഥമിക സർവ്വേയും മറ്റും ആരംഭിച്ചിട്ടുണ്ട്.

(ബി) പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇല്ല

(സി) പദ്ധതി പ്രദേശങ്ങളിലെ വനഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(സി) വനഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ എടുത്തു വരുന്നു.

സെക്ഷൻ ഓഫീസർ